## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ഭരണകാര്യം - അച്ചടക്ക നടപടി - ശ്രീമതി എൽസി സി. ജെ., അസിസ്റ്റൻറ്, ഇ.ഐ. 7 സെക്ഷൻ - കൈക്കൂലി വാങ്ങിയെന്ന പരാതിയിന്മേൽ വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്ത നടപടി - ക്രമക്കേടുകൾ സംബന്ധിച്ച് നടത്തിയ ആഭ്യന്തര അന്വേഷണം- റിപ്പോർട്ട് - സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 12939/AD A1/2022/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 22.12.2022

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നം. 970/REG SECT/2022/എം.ജി.യു. തീയതി 29.01.2022.
2. സിൻഡിക്കേറ്റ് അന്വേഷണ സമിതിയുടെ റിപ്പോർട്ട്,തീയതി 16.02.2022.
3. സർവ്വകലാശാല ഉത്തരവ് നം. 1906/AD A1/2022/MGU, തീയതി 22.02.2022.
4. സർവ്വകലാശാല ഉത്തരവ് നം. 7079/AD A1/2022/എം ജി യു, തീയതി 05.07.2022.
5. സർവ്വകലാശാല ഉത്തരവ് നം. 8636/AD A1/2022/എം ജി യു, തീയതി 19.08.2022.
6. അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച റിപ്പോർട്ട്, തീയതി 12.10.2022.
7. 22.10.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ. ഒ എ. 13/22.08/15885/AD A1-1/2022.
8. കാരണം കാണിക്കൽ നോട്ടീസ് നം. 15885/AD A1-1/2022/AD A1., തീയതി 14.11.2022.
9. ശ്രീമതി എൽസി സി. ജെ, സമർപ്പിച്ച വിശദീകരണം, തീയതി 28.11.2022.

**ഉത്തരവ്**

ഇ.ഐ. 7 സെക്ഷനിലെ അസിസ്റ്റന്റായിരുന്ന ശ്രീമതി എൽസി സി.ജെ.-യെ എം.ബി.എ. മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങി എന്ന ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ വിജിലൻസ് വിഭാഗം അറസ്റ്റ് ചെയ്യുകയും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ, കോട്ടയം, ടി വിവരം രജിസ്ട്രാർക്ക് ഉടനടി റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. മേൽ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സംഭവത്തിൻറെ ഗുരുതരസ്വഭാവം കണക്കിലെടുത്ത് ശ്രീമതി എൽസി സി.ജെ.-യെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തുകൊണ്ട് വൈസ് ചാൻസിലർ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങൾ അടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തുകയും, ടി സമിതി അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് 21.02.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം അംഗീകരിക്കുകയും ആയതു പ്രകാരം പരാമർശം (3) സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ സർവ്വകലാശാലാ തലത്തിലുള്ള തുടരന്വേഷണം നടത്തുന്നതിനായി ശ്രീമതി ശ്രീലത എൻ., ജോയിന്റ് രജിസ്ട്രാർ-4 (പരീക്ഷ)-യെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. അന്വേഷണം നടന്നുവരുന്ന സാഹചര്യത്തിൽ, ശ്രീമതി എൽസി സി.ജെ.-യുടെ പരാമർശം (1) പ്രകാരമുള്ള സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, അന്വേഷണ ഉദ്യോഗസ്ഥ പരാമർശം (6) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ശ്രീമതി എൽസി സി.ജെ.-യുടെ ഭാഗത്തുനിന്നും താഴെപറയും പ്രകാരമുള്ള കൃത്യവിലോപം സംഭവിച്ചിട്ടുള്ളതായി അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിരിക്കുന്നു.

Draft #37 of File 15885/AD A1-1/2022/AD A1 Approved by Registrar on 22-Dec-2022 04:12 PM - Page 1

- സർവ്വകലാശാലയിലെ അസിസ്റ്റന്റ് എന്ന നിലയിൽ ശ്രീമതി എൽസി സി.ജെ.-യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയും അധികാര ദുർവിനിയോഗവും ഗൗരവതരമായ ക്രമക്കേടുകളും പെരുമാറ്റദൂഷ്യവും ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ സർവ്വകലാശാലയുടെ വിശ്വാസ്യതയ്ക്കും യശസ്സിനും വലിയ രീതിയിൽ കളങ്കമുണ്ടാക്കിയിട്ടുണ്ട്.
- രണ്ട് വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ എം.ബി.എ. മേഴ്സി ചാൻസ് പരീക്ഷയുടെ 'Security Analysis and Portfolio Management' എന്ന വിഷയത്തിന്റെ മാർക്കിൽ തിരുത്തൽ വരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത തിരുത്തലുകൾ ക്രിമിനൽ ഗൂഢാലോചനയുടെ ഭാഗമായി ടി വിദ്യാർത്ഥികളെ വിജയിപ്പിക്കുന്നതിനുവേണ്ടി ബോധപൂർവ്വം നടത്തിയിരിക്കുന്നതാണ്.
- കൈക്കൂലി വാങ്ങിയതിലും കൗണ്ടർ ഫോയിലിൽ മാർക്ക് തിരുത്തിയതിലും ശ്രീമതി എൽസി സി.ജെ.-യുടെ പങ്ക് വ്യക്തമായിട്ടുണ്ട്.

പരാമർശം (7) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം അന്വേഷണ റിപ്പോർട്ട് പരിഗണിക്കുകയും, ഇ.ഐ-7 സെക്ഷനിലെ അസിസ്റ്റന്റായിരുന്ന ശ്രീമതി എൽസി സി.ജെ.-യെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിനും, തുടർനടപടികൾ സ്വീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. സർവ്വീസിൽ നിന്നും പിരിച്ചുവിടുന്ന ശിക്ഷാ നടപടി നടപ്പിലാക്കുന്നതിനെതിരെ എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിനായി ശ്രീമതി എൽസി സി. ജെ.-യ്ക്ക് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി എൽസി സി.ജെ. പരാമർശം (9) പ്രകാരം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല എന്ന് ബോധ്യപ്പെടുകയും, തുടർന്ന് പരാമർശം (7) സിൻഡിക്കേറ്റ് തീരുമാന പ്രകാരമുള്ള ശിക്ഷാ നടപടി ശ്രീമതി എൽസി സി.ജെ., അസിസ്റ്റൻറിനുമേൽ സ്ഥിരീകരിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.ഇതിൻപ്രകാരം,മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 4, ഭാഗം III, സ്റ്റാറ്റ്യൂട്ട് 35 B (viii)-ലെ വ്യവസ്ഥ പ്രകാരം ഭാവി ഉദ്യോഗത്തിന് അയോഗ്യത കൽപ്പിച്ചുകൊണ്ട് ശ്രീമതി എൽസി സി.ജെ., അസിസ്റ്റന്റിനെ സർവ്വകലാശാലാ സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ പിരിച്ചുവിട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ.പ്രകാശ് കുമാർ .ബി

രജിസ്ട്രാർ

പകർപ്പ്

1. ശ്രീമതി എൽസി സി.ജെ.
2. ശ്രീമതി ശ്രീലത എൻ., ജോയിന്റ് രജിസ്ട്രാർ-4 (പരീക്ഷ)
3. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.-മാർ
5. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
6. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
7. സിൻഡിക്കേറ്റ് സെക്ഷൻ 1/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/പി.ആർ.ഒ./ഐ.ടി. സെൽ
8. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #37 of File 15885/AD A1-1/2022/AD A1 Approved by Registrar on 22-Dec-2022 04:12 PM - Page 2